നമ്പർ 12/2008

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ
ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിന്മേൽ
ആരൂഢനായിരിക്കുന്ന

# പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ
# മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ ദിദിമൊസ് പ്രഥമൻ

നമ്മുടെ എല്ലാ പള്ളികലിലെയും വികാരിമാരും സഹവികാരിമാരും ദേശത്തുപട്ടക്കാരും പള്ളി കൈക്കാരന്മാരും മനേജിംഗ് കമ്മറ്റിയംഗങ്ങളും ശേഷം ജനങ്ങളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്!

പ്രിയരെ,

ആദ്ധ്യാത്മീക ജീവിതത്തിന്റെ ഉച്ചസ്ഥായിയിലേക്ക് നമ്മെ കൈപിടിച്ചുയർത്തുന്ന വലിയനോമ്പ് സമാഗതമാവുകയാണല്ലോ. നോമ്പിനോടുചേർന്ന് ആഘോഷിക്കുന്ന പെരുന്നാളിന്റെ പ്രാധാന്യം അനുസരിച്ച് നോമ്പിന്റെ ദൈർഘ്യം കൂടുന്നതായി നാം കാണുന്നു. മനുഷ്യാവതാര സംഭവങ്ങളിൽ ഏറ്റവും പ്രാധാന്യമുള്ള ഉയിർപ്പ് പെരുന്നാൾ സൃഷ്ടിയുടെ വിജയത്തിന്റെ ആഘോഷമാണ്. മരണത്തിന്റെയും സാത്താന്റെയും മേലുള്ള ഈ വിജയമാണ് മാനവകുലത്തിന് പ്രതീക്ഷയുടെ പുതിയ വാതായനങ്ങൾ തുറന്നൊരുക്കിയത്. ഉയിർപ്പുപെരുന്നാളിലേക്കും അതിനോടനുബന്ധിച്ചുള്ള കഷ്ടാനുഭവത്തിലേക്കും ഒരുങ്ങുന്നതിനായി അമ്പതുദിവസം നീണ്ടുനിൽക്കുന്ന നോമ്പ് ക്രമീകരിക്കപ്പെട്ടിരിക്കുന്നു.

ഉപവാസത്തോടും പ്രാർത്ഥനയോടും കൂടി പാപത്തെ സമൂലം ഉപേക്ഷിച്ച് ആചരിക്കേണ്ടുന്ന ദിവസങ്ങളാണ് നോമ്പിന്റെ ദിവസങ്ങൾ. പ്രാർത്ഥയും ഉപവാസവും പൈശാചിക ശക്തിയെ വിജയിക്കുന്നതിനുള്ള മാർഗ്ഗമായി നമ്മുടെ കർത്താവ് നമ്മെ പഠിപ്പിച്ചു. വിശുദ്ധവും ശക്തവുമായ വ്രതാനുഷ്ഠാനങ്ങൾ ദൈവത്തിൽ നിന്ന് അനുഗ്രഹങ്ങളെ പിടിച്ചുവാങ്ങുന്നതിന് സഹായകമാകും. മോശ കൽപ്പനകളെ സമ്പാദിച്ചതും ഏലിയാ ഉയരത്തിലേക്ക് കരേറിയതും, നിനുവ രക്ഷപെടുന്നതുമെല്ലാം ഈ സത്യമാണ് സാക്ഷിക്കുന്നത്. പ്രലോഭനങ്ങൾ മുൻകാലങ്ങളേക്കാൾ കൂടുതലായി നമ്മെ സ്വാധീനിക്കുന്ന ഇക്കാലത്ത് സ്വയം നിയന്ത്രണത്തിനുള്ള അവസരമായി നോമ്പിനെ കാണണം. ദൈവംതമ്പുരാൻ നൽകിയ സമ്പത്തും, സൗകര്യങ്ങളും ആഡംബരങ്ങൾക്കുള്ള അവസരമാക്കാതെ, പരിമിതികളെ സ്വയം സ്വീകരിച്ചുകൊണ്ട് ദാനധർമ്മങ്ങൾക്കും മറ്റ് സത്കർമ്മങ്ങൾക്കുമുള്ള പ്രചോദനം നോമ്പിൽ നിന്നും നാം ഉൾക്കൊള്ളണം.

(മറുപുറം)

PDF created with pdfFactory Pro trial version www.pdffactory.com

വാത്സല്യ മക്കളെ,

ദൈവസന്നിധിയിൽ നിന്നും നമ്മെ അകറ്റിക്കളയുന്ന അനേക സാഹചര്യങ്ങൾ നമുക്കുചുറ്റിലുമുണ്ട്. കുടുംബത്തിലെ സമാധാനവും വ്യക്തിത്വത്തിന്റെ മാന്യതയും നഷ്ടപ്പെടുന്ന പെരുമാറ്റങ്ങൾ നമ്മിൽ ഉണ്ടാകരുത്. ക്രൈസ്തവ സാക്ഷ്യം കാത്തുസൂക്ഷിക്കുവാൻ നമുക്ക് കഴിയണം. ഈ നോമ്പ് നിരപ്പിന്റെയും സ്നേഹത്തിന്റെയും ഔന്നത്യത്തിലേക്ക് നമ്മെ നയിക്കണം. നോമ്പിന്റെ പ്രാരംഭത്തിൽ നടത്തുന്ന നിരപ്പിന്റെ ശുശ്രൂഷയിൽ എല്ലാവരും പങ്കുചേരണം. പരസ്പര വിട്ടുവീഴ്ചയിലൂടെയും ക്ഷമയിലൂടെയും ബന്ധങ്ങൾ ഈടുറ്റതാക്കണം. സമസൃഷ്ടികളോടുള്ള കരുതലിന്റെ ഭാഗമായി ഉപവാസമിച്ചം സാധുക്കൾക്ക് നൽകണം. ഈവർഷത്തെ വലിയനോമ്പാചരണം അനുഗ്രഹത്തിന് കാരണമായിത്തീരുവാൻ നമുക്ക് പ്രാർത്ഥിക്കാം.

ശേഷം പിന്നാലെ,

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യക മറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർതോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാൻമാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................



ബസ്സേലിയോസ് മാർത്തോമ്മാ ദിദിമൊസ് പ്രഥമൻ.

2008 ജനുവരി മാസം 11 -ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.

PDF created with pdfFactory Pro trial version www.pdffactory.com